"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി- സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന 6 താൽകാലിക കോടതികൾക്ക് തുടർച്ച അനുവദിക്കുന്നത്- അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.4363/2025/HOME തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:- 1. സ.ഉ.(സാധാ).നം.1362/2014/ആഭ്യന്തരം തീയതി 14.05.2014.
2. സ.ഉ.(സാധാ).നം.2780/2017/ആഭ്യന്തരം തീയതി 25.10.2017
3 സ.ഉ.(സാധാ).നം.398/2019/ആഭ്യന്തരം തീയതി 07.02.2019
4 ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) 01/09/2025 തീയതിയിലെ D7(B)-48814/2010/DII-3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം 31.03.2019 വരെ തുടർച്ചാനുമതി ലഭ്യമായ സംസ്ഥാനത്തെ 6 താൽകാലിക കോടതികൾക്ക്/തസ്തികകൾക്ക്, 01.04.2019 മുതൽ 31.03.2026 വരെ തുടർച്ചാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (4) പ്രകാരം ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ ചേർത്തിട്ടുള്ള സംസ്ഥാനത്തെ 6 താൽകാലിക കോടതികൾക്ക് നിലവിലുള്ളതുപോലെ തന്നെ 01.04.2019 മുതൽ മുൻകാല പ്രാബല്യത്തോടെ 31.03.2026 വരെ തുടരുവാനും അനുമതി നൽകി ഉത്തരവാകുന്നു.

1. ഇടമലയാർ കേസുകളുടെ വിചാരണയ്ക്കായുള്ള പ്രത്യേക കോടതി/അഡീഷണൽ ജില്ലാ കോടതി/ MACT, എറണാകുളം.
2. മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള പ്രത്യേക അഡീഷണൽ സെഷൻസ് കോടതി, കോഴിക്കോട്.
3. സൂര്യനെല്ലി കേസിന്റെ വിചാരണയ്ക്കായുള്ള അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതി, കോട്ടയം.
4. MACT, തൃശ്ശൂർ (ഇ.സി.ആക്ടിന് കീഴിൽ വരുന്ന കേസുകളുടെ വിചാരണയ്ക്കായുള്ള പ്രത്യേക കോടതി).

5. മാർക്ക് ലിസ്റ്റ് കേസുകളുടെ വിചാരണയ്ക്കായുള്ള സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി, തിരുവനന്തപുരം.
6. മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി, കോഴിക്കോട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നവീൻ കൃഷ്ണൻ ജി ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

1. ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (2121559/EXP-B2/258/2022-FIN തീയതി 15.07.2025 പ്രകാരം)
4. വെബ്ബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി (ഗവ. വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി (സി1/153/2025/ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം
Signed by
Siju P
Date: 16-12-2025 15:33:55
സെക്ഷൻ ഓഫീസർ